## കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ നിയമനം

**50 (3556)** ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ ഒഴിവുകളുടെ എണ്ണം എത്രയാണെന്നും മുഴുവൻ ഒഴിവുകളിലേക്കും അഡ്വൈസ് അയച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗാർത്ഥികളുടെ പ്രായം അധികരിച്ചത് പരിഗണിച്ച് അടിയന്തരമായി ഇവർക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽനിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി. ഒഴിവുകൾ 24-9-2013-ലും, 285 പുതിയ ഒഴിവുകൾ 1-9-2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ 6-8-2015-ലും കേരള പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. യിലെ റിസർവ് ഡ്രൈവർ തസ്തികയ്ക്കായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്ന് 26-2-2013-ൽ തയ്യാറാക്കിയ 3974 ഒഴിവുകളിലേക്കുള്ള റൊട്ടേഷൻ റാങ്ക് ലിസ്റ്റിലെ മാറ്റങ്ങൾക്കനുസരിച്ച് റിവൈസ് ചെയ്ത് ശരിയായ എൻ.ജെ.ഡി. ടേണുകൾ കണ്ടെത്തിയശേഷം നിയമന ശിപാർശ തുടർന്നാൽ മതിയെന്നുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉത്തരവനുസരിച്ച് 3974 ഒഴിവുകളിലേക്ക് മുൻപ് തയ്യാറാക്കിയ റൊട്ടേഷൻ റിവൈസ് ചെയ്ത് 3-10-2015-ൽ അംഗീകരിക്കുകയും ആയതിന്റെ നിയമന ശിപാർശ പരിശോധന 12-11-2015-ൽ പൂർത്തിയാക്കുകയും ചെയ്തു. റിവൈസ്ഡ് റൊട്ടേഷൻ പ്രകാരം ശരിയായ എൻ.ജെ.ഡി. ടേണുകളിൽ പകരക്കാരെ ടി 101 എൻ.ജെ.ഡി. ഒഴിവുകളിലേക്കും 285 പുതിയ ഒഴിവുകളിലേക്കും നിയമന ശിപാർശ തയ്യാറാക്കുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്.

ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട 2455 ഒഴിവുകളിലേക്ക് തുടർ ഉത്തരവ് വരുന്നതുവരെ നിയമന ശിപാർശ ചെയ്യരുതെന്ന് ബഹു. കോടതിയുടെ നിർദ്ദേശമുണ്ട്.

നിലവിലുള്ള ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly